LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വയംതൊഴിൽപദ്ധതി പട്ടികജാതി കോളനി പദ്ധതിയിലുൾപ്പെടുത്തി താനൂർ മണ്ഡലത്തിൽ ഒട്ടുപുറം കോളനി, നിറമരുതൂർ ഐ.എച്ച്.ഡി.പി. കോളനി, കൊന്നോട്ട് കോളനി എന്നീ കോളനികളിലാണ് പ്രവൃത്തികൾ നടക്കുന്നത്.

(ബി)

പൂർത്തീകരിച്ച പ്രവൃത്തികൾ	പൂർത്തീകരിക്കാത്ത പ്രവൃത്തികൾ
ഒട്ടുപുറം കോളനി :	1. കുടിവെള്ള പദ്ധതി
1. ഭവനപുനരുദ്ധാരണം 34 എണ്ണം	2. ബയോഗ്യാസ്
2. കോൺക്രീറ്റ് റോഡ് 320 മീറ്റർ	
3. സംരക്ഷണഭിത്തി 135 മീറ്റർ	
നിറമരുതൂർ ഐ.എച്ച്.ഡി.പി. കോളനി :	1. മണ്ണ് സംരക്ഷണം
പ്രവൃത്തി ആരംഭിച്ചിട്ടില്ല.	2. ഭവന പുനരുദ്ധാരണം
	3. സൈഡ് പ്രൊട്ടക്ഷൻ
	4. കുടിവെള്ള പദ്ധതി
കൊന്നോട്ട് കോളനി :	1. മണ്ണ് സംരക്ഷണം
പ്രവൃത്തി ആരംഭിച്ചിട്ടില്ല.	2. സൈഡ് പ്രൊട്ടക്ഷൻ
	3. കുടിവെള്ള പദ്ധതി
	4. ഭവന പുനരുദ്ധാരണം

(സി) 62% പ്രവൃത്തി ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർ

290(991) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും രേഖാമൂലം സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ പട്ടികജാതിയിൽപ്പെട്ട എത്ര ഭവനരഹിതർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഇതുസംബന്ധിച്ച് അവസാനം വിവരശേഖരണം നടത്തിയത് എപ്പോഴാണ്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം വിവിധ പദ്ധതികളിലൂടെ ഭവനരഹിതരായ എത്ര പട്ടികജാതി വിഭാഗങ്ങൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്; വർഷം, പദ്ധതിയുടെ പേര്, അനുവദിച്ച വീടുകളുടെ എണ്ണം, ആ വർഷം തന്നെ പൂർത്തിയാക്കിയ വീടുകളുടെ എണ്ണം, മുൻ വർഷങ്ങളിൽ മുടങ്ങിക്കിടന്നത് (സ്പിൽ ഓവർ) പൂർത്തിയാക്കിയവയുടെ എണ്ണം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ബാക്കിയുള്ള ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിനും വീട് വച്ചിരിക്കുന്നവ പൂർത്തിയാക്കാൻ കഴിയാതെ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നവരുടെ വീടുകൾ പൂർത്തീകരിക്കുന്നതിനും എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും (കില) സംയുക്തമായി 2011-ൽ നടത്തിയ അടിസ്ഥാന വിവരശേഖരണ പ്രകാരമുള്ള സംസ്ഥാനത്തെ പട്ടികജാതിയിൽപ്പെട്ട ഭവനരഹിതരുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	4172
കൊല്ലം	1163
പത്തനംതിട്ട	1747
ആലപ്പുഴ	964
കോട്ടയം	2022
ഇടുക്കി	997
എറണാകുളം	1876
തൃശ്ശൂർ	3796
പാലക്കാട്	3374
മലപ്പുറം	100
കോഴിക്കോട്	7230
വയനാട്	210
കണ്ണൂർ	296
കാസർഗോഡ്	366

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയുടെ വിവരം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.

(സി) വകുപ്പിൽനിന്നും 2007-08 മുതൽ അനുവദിച്ച വീടുകളിൽ ഇനിയും പൂർത്തിയാകാത്തതും മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തതുമായ ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകിവരുന്നു.

ഇക്കോ ടൂറിസം

291(992) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പെരുഴ പഞ്ചായത്തിലെ കോട്ടത്തലച്ചിമല, ജോസ് ഗിരി തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

292(993) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദ സഞ്ചാര വകുപ്പിൽനിന്നും തിരുർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ വിശദ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly